നീണ്ടകരത്തുറമുഖത്തിന്റെ പണി

* 680. [5] ശ്രീ. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

(എ) നീണ്ടകര തുറമുഖത്തിന്റെ പണി ഈ സാമ്പത്തികവർഷത്തിൽ തുടങ്ങുമോ ;

(ബി) തുടങ്ങുന്നതിനുള്ള കാൺട്രാക്റ്റ് കൊടുത്തു കഴിഞ്ഞോ ;

(സി) തുറമുഖത്തിന്റെ പണിയോടൊപ്പം പാലത്തിന്റെ പണിയും നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇവരണ്ടും എന്നു തുടങ്ങുമെന്നു പറയാൻ കഴിയുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) നീണ്ടകര തുറമുഖത്തിന്റെ പണി ആരംഭിച്ചുകഴിഞ്ഞു.

(ബി) നീണ്ടകര തുറമുഖപദ്ധതിയുടെ പ്രധാന ഇനമായ ബ്രേക്ക് വാട്ടേഴ്സിന്റെ പണി തുടങ്ങുന്നതിനു കാൺട്രാക്റ്റ് കൊടുത്തു കഴിഞ്ഞു.

(സി, ഡി) പാലത്തിന്റെ എസ്റ്റിമേറ്റ് ഇൻഡ്യാ ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കയാണ്. അതു അനുവദിച്ചുകിട്ടിയാൽ പണി തുടങ്ങുന്നതാണ്.

ശ്രീ. ടി. കൃഷ്ണൻ : നീണ്ടകരപ്പാലം ഇപ്പോഴത്തെ നിൽക്കുന്നസ്ഥലത്താണോ പണിയാൻ പോകുന്നത്, അതോ മാറി മറ്റുവല്ല സ്ഥലത്തുമാണോ ?

ശ്രീ പി. പി ഉമ്മർകോയ : പുതിയ പാലം പണിതുവരുന്നതുവരെ നിലവിലുള്ള പാലം അവിടെ നിന്നല്ലേ പറ്റൂ. അതുകൊണ്ട് ഇപ്പോഴത്തെ ഉള്ള പാലത്തിൽ നിന്നും നൂറടി അകലെയായിരിക്കും പുതിയ പാലം പണിയുക.

Afforestation

* 681. [6] ശ്രീ. എൻ. എസ്സ്. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെന്റിനു Afforestation-നു് ഒരു സ്കീം ഉണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം ; എത്ര തുക അതിലേക്കു വകയിരുത്തിയിട്ടുണ്ട് ;

(ബി) പുൽമേടുകളും മാവിയലെ വനമാകയാൽ അവിടം വെട്ടിത്തെളിക്കാതിരിക്കുന്നതിനും വെട്ടിത്തെളിച്ചിട്ടുള്ള സ്ഥലങ്ങളിൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും വേണ്ട ഏർപ്പാടുകൾ ചെയ്യുമോ ?

പൊതുജനാരോഗ്യ വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ഗവണ്മെന്റിനു ഒരു എഫോറസ്റ്റേഷൻ പദ്ധതിയുണ്ട്. ഈ പദ്ധതി ഗവണ്മെന്റു് ഉടമയിലുള്ളവനപ്രദേശങ്ങളെ മുഴുവൻ ബാധിക്കുന്നതാണ്. ഇതിലേക്ക് മൂന്നാം പഞ്ചവൽസരപദ്ധതിയിൽ 112,52 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്.

(ബി) പുൽമേടുകളിൽ മരം വച്ചുപിടിപ്പിക്കുന്നതിനു് ഒരു പദ്ധതിയുണ്ട്. ഉദ്ദേശം 15,000 ഏക്കർ പുൽമേടുകളും യൂക്കാലിപ്റ്റസ് വച്ചുപിടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

ശ്രീ. എൻ. എസ്സ്. കൃഷ്ണപിള്ള: എഫോറസ്റ്റേഷനുവേണ്ട നടപടികളും എടുക്കുന്നുണ്ടെന്നു പറഞ്ഞു. റോഡിന്റെയും അതുപോലെ തന്നെ ആറിന്റേയും കരയുടെ ഇരുഭാഗത്തും മരങ്ങൾ വച്ചു പിടിപ്പിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly